# കയ്യൊപ്പ്

KAYYOPP



**COLLEGE OF APPLIED SCIENCE ( IHRD )**

VADAKKENCHERRY, PALAKKAD-678683





# COLLEGE OF APPLIED SCIENCE ( IHRD )

**VADAKKENCHERRY, PALAKKAD-678683**

# MAGAZINE COMMITTEE



**JAMSHEER P. M**
A.P. IN ENGLISH



**RESHMA . M**
A.P. IN ENGLISH



**SREEJA P. T**
A.P. IN HINDI



**ARSHARA**
A.P. IN MALAYALAM



**MINI . K**
LIBRARIAN


I WANT TO
SEE MY FAMILY
AGAIN
സമർപ്പണം
യുദ്ധത്തിന്റെ
ഇരകൾക്ക്

# Farewell

Bsc Electronics



Msc Electronics



Bcom Computer Application



Bcom Finance




Bsc Computer Science




Msc Computer Science



# PRINCIPAL'S MESSAGE



"വിദ്യാർത്ഥികളിലെ സർഗ്ഗവാസനകളെ ഉണർത്താനും അവരുടെ സർഗ്ഗ ചിന്തകളെ ഉദാത്തമായ രചനകളായി ആവിഷ്കരിയ്ക്കാനും ഈ കോളേജ് മാഗസിൻ അവസരമൊരുക്കുന്നു. "കയ്യൊപ്പ്" എന്നു പേരിട്ട ഈ കോളേജ് മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാപേർക്കും എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. ഈ കോളേജ് മാഗസിൻ വൻ വിജയമാകട്ടെ എന്ന് ആശംസിച്ചു കൊള്ളുന്നു.

Dr. Aysha. V
PRINCIPAL

# DIRECTOR'S MESSAGE



With a deep sense of appreciation and joy, Ihave come to know that the students of the College of Applied Science Vadakkencherry are bringing out a College magazine for the academic year 2021-22.

I believe this magazine will provide us the benchmark for continued improvement in overall development of the College. This magazine should be a good source of guidance for students in choosing activities of their choice in their future for building careers. I congratulate all the contributors and the Editorial Board for bringing out the magazine.

Dr. P. Suresh Kumar
DIRECTOR

# Statement of Ownership and Particulars about the publication of College of Applied Science Magazine 2021-22

| | | |
|---|---|---|
| Magazine committee | : | Dr. Aysha V., Principal<br>Jamsheer P. M., Assistant Professor, English<br>Reshma M., Assistant Professor, English<br>Arshara S., Assistant Professor, Malayalam<br>Sreeja T.P., Assistant Professor, HIndi<br>Mini K., Librarian |
| Owner | : | Dr. Aysha V. Principal,<br>College of Applied Science, Vadakkencherry |

We, the members of magazine committee declare that the particulars given are true to the best of our knowledge and belief.

Sd/-
Dr. Aysha V., Principal
Jamsheer P. M., Assistant Professor, English
Reshma M., Assistant Professor, English
Arshara S., Assistant Professor, Malayalam
Sreeja T.P., Assistant Professor, HIndi
Mini K., Librarian

Layout & Designing

VERTO CRAFTING PIXELS
BRANDING - DESIGNING - PROMOTION
OPO ROAD, VADAKKENCHERRY
MOB : 9746872217, 9400868217



Rafid PA
Chief Designer



Rinshad R
Designer

# HoD'S MESSAGES



ഒരു കലാലയത്തിലെ വിദ്യാർഥികളുടെ കയ്യൊപ്പാണല്ലോ കോളേജ് മാഗസിൻ. നമ്മുടെ ക്യാമ്പസ് പുറത്തിറക്കുന്ന മാഗസിന് എല്ലാ ആശംസകളും. രചനകൾ സംഭാവന ചെയ്ത എല്ലാവരോടും മാഗസിൻ കമ്മിറ്റിക്കും എല്ലാ ഭാവുകങ്ങളും നേരുന്നു.

Suvija
HoD, Commerce



2021-22 വർഷത്തെ നമ്മുടെ വിദ്യാർഥികളുടെ സർഗ്ഗസൃഷ്ടികളുടെ സമാഹാരമായ കോളേജ് മാഗസിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാവർക്കും ഭാവുകങ്ങൾ നേരുന്നു. കലാലയ പ്രതിഭകൾക്ക് എല്ലാ ആശംസകളും.

Subi T.S
HoD, Electronics



I am very happy to know that College of Applied Science, Vadakkencherry is going to publish the College Magazine for the academic year 2021-22.

I personally wish all the teachers and students associated with this magazine-'s successful publication. I also hope that the collective efforts of all associated with this magazine will enable it to achieve greater developments in future.

Heartfelt congratulations to all, for your great efforts and I , wish everyone a bright future.

Udayakumar C
HoD, Computer Science

# ANNUAL REPORT

Sri Pradeep Somasundaram the Principal of this College transferred to CAS Malampuzha. He relived from this Institution on 21st October 2021. I Dr Aysha V , Principal took Charge of this Institution on 21st October 2021. On 22nd October 2021 a staff meeting is conducted. On 24th October 2021 Dr Sudhodhanan took a class to our students. The topic was 'How to prevent Cancer.'

After the COVID 19 related online classes we have started offline classes from first November 2021. Kerala Piravi was celebrated on 1st November 2021. A pledge on Malayalam language popularisation was taken by the students. Staff meeting and PTA Executive Committee meeting arranged time to time.
On 5th November Deepavali Celeberated by College Union. Rangoli and Mehanthi Competitions were conducted in connection with Deepavali.

On Fifth November 2021 the inauguration of NSS activities are done by Sri Sumod MLA of Tharoor Assembly Constituency. He also Distributed Saplings to students.

Since NAAC/ SAAC Accreditation is a must for ensuring quality Education so we Decided to go for SÀAC Accreditation. Remitted ₹25000/- to Kerala State Higher Education Council as a fee for SÀAC Accreditation and training. SAAC Training programme for Principals of various IHRD Colleges and faculty arranged on 8th December 2021. Dr Shafeeque from Kerala State Higher Education Council (KSHEC) was the Resource Person. after that three meeting were convened and a commitee is formed with all Department heads , Principal, student representatives and staff representatives, for Documenting the records Smt Mini K , Librarian is assigned. From that date onwards details of All events, certificates achieved , papers published, staff details etc are filed in SAAC. Many of our staff members and students are qualified Fundamentals of Digital Marketing and Aquired Google Certification.

Our Students secured first position in 16th Sepaktakraw competition at District level in Palakkad Dist. The team members are Ajith, Vishnu, Anurag Aswin, Sujith, Shaneeb, Ashik, Thoufik, Adarsh Aswin and, Abhilash

NSS Volunteer Vismaya and team won first prize in District level Short Film Competition Organized by Govt of Kerala and EMC Kerala named Oorjathanthra 2021.
The team members were Akash.R, Safwan Ahammed, Adithyan, Midhun, Vishnu Raj, Abdul Muhmin, Biswadas, Anjali.B, Vismaya.V, Asna Sherin, Ashmi, Shifa and Shehana.K

Our Student and NSS Volunteer Thejus V J won first prize in Poster design Competition fo Energy Management. Thejus also participated in poster design and Slogan making Competition related to water Conservation.
Three of our students participated in the Essay Competition conducted by Heartfullness Educational trust and UNESCO.
Christmas Celebrations organized by the College Union on 24 th December 2021.
Seven days NSS Camp was conducted at our College from 27th December 2021 to 2nd January 2022. Sri NSS Programme Officer led the camp Trained the NSS Volunteer for participating in Pre RD selection. Parade training is also given to the students. The GEMs of our Students gained much academic as well as extra curricular achievements whi ch are listed below: University rank - MSc Electronics 5 ranks including I and III.
Last year
Best Volunteer University level Award won by Swetha S , 2020 -21
University level- Haritha Puraskaram for college and NSS PO. 2020 -21
State level Best Volunteer award – Anjana T, 2018 -19
Best Volunteer , best PO, best NSS unit University level Award –Sujay P, Sudha G respectively, 2019 -20 Fully automated smart Aquaphonics, Smart sanitizer dispenser done by Students and installed in our college.
Plastic waste collection and disposal to Vadakkencherry panchayath and Alathur Panchayath – Setup of new post graduate diploma course and lab

Corona vaccination assistance by NSS volunteers during lockdown time.
School cleaning done before opening class- Kizhakkencherry school, Sreenarayana school Valliyode
Setup of Sacred grow at Alathur with more than 100 of rare tree saplings collected from KFRI and JNTBGRI Palode.

A meeting bof NSS advisory Committee is Convened during December and Decided to construct House for one of our students as a part Abhayam Project of Calicut University. The work started by Collecting amount from staff and students. Now the work is at finishing stage.

PTA executive Committee decided to utilise the tress worked area of our College building as class rooms. So Partition work and plywood ceiling to reduce temperature, side net etc sanctioned by PTA and the work is in progress.

The ceiling of Computer Centre is dismantled due to the problem created by rats. The thermocol ceiling is used to reduce the temperature of one class room

Maintenance of Computer Centre is done by partitioning it into two.

A committee for starting our College Canteen is Convened and decided so.
ED club organized a class for our students. Commerce association organized Multiple classes for Students. Placement Cell organized a grant training program for final year students and conducted mock interviews with the help of Corporate mentors. Mrs Gisha Thankachi took initiatives for this. Smt Bindhu T S was the Coordinator of College Union and WIN. She organized Multiple classes for WIN. Advt Smt Sreekala took a legal awareness class for students. Dr Anitha V, Prof and Head , Dept of Economics , University of Kerala took a Financial Literacy class for girls and others in connection with Global Money week on 26/03/2022. NSS unit and WIN Organized the Programme. Students celebrated/observed all important days of the academic year . NSS programme Officer Sri Subi T S coordinated all regular activities of NSS and Special camp. The HoDs Sri Udayakumar C (Computer Science Dept), Sri Subi T S (Electronics Dept) Smt Suvija S ( Commerce Dept) Co ordinated the academic activities of respective Departments. As the YIP Coordinator, Smt Gisha Thankachi and staff members actively involved in the idea submition work. The students submitted 62 ideas. Mini K , Librarian and her team jointly worked for publishing our College Magazine.
Four of staff members registered for PhD. Many of our staff members published research papers. Some of staff members from Commerce and Computer Science Dept attended interview for e- content Development of Sree Narayanaguru Open University.

Our College started best practices of Agriculture. 2 acres of paddy cultivated by our NSS volunteers. In our College campus also agriculture is started.

Since IHRD is facing the financial Crisis , we started Certificate Course in Library and information Science , the admission was beyond the maximum strength. We also planning to conduct vacation courses Offered by Computer Science Commerce and Electronic Departments

IHRD allotted us a plan fund of Rs 10 lakhs and we Utilized the fund for purchasing Library books, journals, Computers, Consumables for Electronics and Computer Science Department, Furniture etc. Our Office Sr Spdt Sri Abdul Rasak, Daly, Santhosh, Synoviji, Sulekha and Sumathi cooperated to Complete all office procedures in time Sri Babu performed his role well in the smooth running of Examinations. Our sweepers always kept the campus neat and tidy. Our Securities were always Vigilant. Our all faculty done their role well for academic, extracurricular activities and tried to maintain discipline well.
Thank you all for making 2021-22 a Grant Success.
Dr Aysha V
Principal
College of Applied Science Vadakkencherry.

# WEBINAR REPORT

## ONLINE WORKSHOP ON "ODOP" IN INDIA

A online workshop on 'the role of One District One Product' approach for making India a self-reliantnation, under the Mahatma Gandhi Council of rural education ,for the rural entrepreneurship development cell in IHRD College of Applied Science, vadakkencherry. Guest speaker ; Mr. j sai Sudheer kumar(MGNCRE)

Mr. J. Sai Sudheer Kumar completed his MBA in the area of Finance and Marketing from Jawaharlal Nehru Technological University Kakinada, Andhra Pradesh in 2011. He has above 10 years of experience in teaching, training and research. He imparted training to about 1500 faculty members and 3500 students on various aspects. Sri J. Sai Sudheer Kumar has also carried out various action research projects funded by Ministry of Education, Government of India. Conducted on: 12th February 2022, Platform; Google meet

Key programs: Introduction to ODOP & sharing experiences ,by; Mr. j. sai Sudheer kumar.

Vote of thanks by; shameena miss,Dept. of electronics. Participants(from students); 2nd year Bsc electronics, 2nd year bcom finance,2nd year bcom computer application.

Conclusion: The meet was a one hour session that ended on 12 pm . It discusses about the role of rural entrepreneurship in economic development and the need for it to make a nation self reliant.It also talks about how development in rural area and rural management can benefit that nation. He took examples of various rural and unorganized business that could potentially be a stepping stone for a self suffient market. Overall it was a great experience as we all learnt about rural development and how it can change INDIA.

# VOC REPORT

The commerce association has conducted a debate on the topic ' Online class - A blessing or curse' on January 13th 2022 which was inaugurated by Dr Aysha V ,Principal of our institution. The debate was moderated by Mr. Jamsheer , HOD of English Department. The department also conducted a career guidance class for the final year students were the opportunities after the graduation are discussed. A seminar on recent trends in commerce is also organised by the department on January 16, 2022 and students from all the year participated for the same.

# WOMEN EMPOWERMENT CELL

The Women Empowerment Cell of IHRD CAS Vadakkanchery conducted a session on "Legal awareness" on 09/12/2021 , Thursday from 2.00 pm to 4.00 pm . The program was addressed by Adv . Sreekala , Chairperson, Standing Committee of Vadakkanchery Grama panchayath . The session was welcomed by Devadarsini , a student from E3 class . Mr. Udayakumar .C , HOD of Computer Science gave the presidential address and Ms. Suvija , HOD of Commerce Department gavet the felicitation in the session. The session was about various laws relating to civil and criminal cases , POCSO act , Dowry prohibition act , Child Protection act and so on .The session was concluded by Devika from BC1 , giving vote of thanks.

A flash mob of students was staged at the campus premisses on 7th January 2022. The theme of the program was "Youth for women safety and gender equality". Prior to the performance, the principal of CAS Vadakkanchery, Dr . Aysha . V has addressed the gathering.

An online program was conducted on 8th March 2022 from 7 p.m to 9 p.m as a part of the International Women's Day . The chief guests of the function were Dr. Aysha .V , the Principal, CAS , Vadakkanchery and Miss. Induja Jayan ,a Loco pilot of the Southern Railways. Sruthi from BC2 has welcomed the guests and participants of the program .Mr. Jamsheer PM , Asst . Professor from the Department of English has delivered a presidential speech . Felicitation speeches were given by Mr.Manu Mohan , President, Rotary club of Haripad and Smt. Rathi B , Asst. Professor in Computer Science. Thejus from E2 , concluded the session with a vote of thanks . The chief guests spoke about the challenges that women face in a highly gendered society.

Women Empowerment Cell in association with NSS unit of the college conducted a webinar on "Global Money Week and Financial Literary" on 26th March 2022 at 7 p.m.

The program was presided over by the honourable principal of CAS Vadakkancherry, Dr.Aysha . V. Vismaya U of BC2 welcomed the guests and the participants.

The chief guest and key speaker of the program was Dr.Anitha .V, Head of the Department of Economics, University of Kerala. She spoke about financial literary and saving methods for individuals. Felicitations were delivered by Mrs. Sindhu .K (Principal, IHRD College, Dhanuvachapuram) , Mrs.Kala.K.P (Asst . Professor in CS, IHRD College Dhanuvachapuram), Mr. Jamsheer PM (Asst. Professor in English, College of Applied Science, Vadakkancherry ) and Miss. Kripa (Asst . Professor in Commerce, College of Applied Science, Vadakkancherry). The program was concluded by vote of thanks delivered by Anjana C.B of BF2 .

Students and staffs of IHRD College Dhanuvachapuram have also participated in the webina

# YIP ROAD SHOW

The college of applied science (IHRD), Vadakkancherry had organized YIP(Young Innovators Programme) Road Show on 26th January 2022 at 4:00 pm. The program was conducted on online mode. The theme of the program was to reach out the concept of YIP towards everyone. The program started with an Introduction Video about YIP followed by the General Introduction. Ms. Gisha Thankachi (Facilitator, IHRD) had delivered the Welcome address. The Presidential address was delivered by Dr.Aysha V (Principal, IHRD). There were

three presentation sessions in the program..

The first Presentation on YIP was handled by Mr.Hariprasad J R (Trainer, YIP). All the details about YIP were given in that presentation. And also, he explained how to register, and submit our innovative ideas on YIP. The second Presentation was handled by Mr. G S Prakash (Thematic Speaker). He explained about the inventions and innovative ideas put forward by different people. The third Presentation was handled by Mr. Robin K Thomas (Startup Speaker). He explained how to begin a startup company with our innovative ideas. He also explained about his Startup Company THE ASTREK INNOVATIONS. At the end of the program a Vote of thanks speech was delivered by Vishnu Suresh (Student Representative). The Program was a huge success and all students were enriched with the knowledge of YIP.

# NSS ACTIVITIES

























# ED CLUB ACTIVITIES












# PLACEMENT CELL















# SPORTS




















# YIP ACTIVITIES



# VoC





SHORT FILM FIRST PRIZE
VISMAYA & TEAM,
PALAKKAD DISTRICT



THEJUS RECEIVING AWARD
FROM MP VK SREEKANDAN
SLOGAN WRITING, NEHRU
YUVAKENDRA PALAKKAD



XMAS
CELEBRATION

# WOMEN EMPOWERMENT CELL - WIN












# GO ELECTRIC WEBINAR







AZAD
C4


















അമൽനാഥ് ജെ
E2

# വില്പനക്ക് വെച്ച മാംസം

നഗരത്തിന്റെ കീഴെറോട്ടിലുള്ള ചെറിയ പെട്ടിക്കട. ഒറ്റനോട്ടത്തിൽ തന്നെ അവന് പുതിയതായി തുടങ്ങിയ കടയാണെന്ന് മനസിലായി. വലിയതും ചെറിയതുമായ ചില്ലുജാറുകൾ തലങ്ങും വിലങ്ങുമായി ഭംഗിയിൽ നിരത്തിവച്ചിരിക്കുന്നു. ജാറുകളിലായി നിറച്ചു വെച്ചിരിക്കുന്ന ഉപ്പുവെള്ളത്തിൽ ചോന്നനിറത്തിലുള്ള കുറെ മാംസക്കഷണങ്ങൾ. ഉച്ചവെയിലിന്റെ ചൂട് ചില്ലുപാത്രവും കടന്ന് മാംസക്കഷണങ്ങളിൽ തട്ടി തിളങ്ങുന്നുണ്ടായിരുന്നു.

നഗരറോഡും ഭേദിച്ച് ആൾക്കൂട്ടം കട മുഴുവൻ പൊതിഞ്ഞു നിന്നു. ആളുകളെയൊക്കെ വകഞ്ഞു മാറ്റി എങ്ങനെയോ അവൻ കടക്കു മുമ്പിൽ എത്തി. പാന്റ് പോക്കറ്റിൽ നിന്നും മുഷിഞ്ഞ പത്തുരൂപ നോട്ടെടുത്ത് കടക്കാരന് നേരെ നീട്ടിയിട്ട് പറഞ്ഞു, രണ്ട് കഷണം മനുഷ്യമാംസം.

നീട്ടിയ പത്തുരൂപ വാങ്ങി കീശയിലിട്ട് തന്റെ മുൻപിലുള്ള പളുങ്കുജാറിന്റെ മൂടി മാറ്റിയിട്ട് കടക്കാരൻ പറഞ്ഞു, ഹിന്ദുവിന്റേതു കഴിഞ്ഞു. മാപ്പിളയുടെ കടുംമാംസം എടുക്കട്ടെ? അവൻ നീട്ടിയൊന്ന് മൂളി.

കടക്കാരൻ തന്റെ നീളൻ താടിയൊന്ന് ചൊറിഞ്ഞ് കൈകൊണ്ട് പാത്രത്തിനുള്ളിൽ നിന്നും രണ്ട് കഷണം മാംസം എടുത്ത് കറുത്ത കവറിലിട്ട് അവനു നേരെ നീട്ടി. വീട്ടിൽ വല്ലതും ഇരിപ്പുണ്ടോ, ചോയ്ക്കണ വെല തരാം.

അയാൾ നീട്ടിയ പൊതി വാങ്ങിച്ച് ചെറിയൊരു ആലോചനക്ക് ശേഷം അവൻ പറഞ്ഞു, ഉപയോഗിച്ചു കഴിഞ്ഞ ഒരു സ്ത്രീശരീരം വീട്ടിൽ ഇരിപ്പുണ്ട്. എടുക്കട്ടെ?

അയ്യോ! ഉപയോഗിച്ചതിന്റെ കമ്പോളനിലവാരം ഇപ്പൊ താഴെയാ. പുതിയതാണേൽ കൊണ്ടുവാ!

അവൻ ചിരിച്ചു. ശേഷം, ആളുകൂട്ടത്തെ മാറ്റിക്കൊണ്ട് നഗരറോഡ് ലക്ഷ്യമാക്കി മെല്ലെ നടന്നു



രതി ബി
അസി. പ്രൊഫസർ, കമ്പ്യൂട്ടർ സയൻസ്

# ഹൃദയത്തിന്റെ നൊമ്പരം

ജനൽ പാളിയിലൂടെ അവൾ പുറത്തേക്ക് നോക്കി ഇരിക്കുമ്പോൾ കുഞ്ഞു നാളിലെ ഓർമകൾ അവളുടെ മനസിലൂടെ കയറി ഇറങ്ങി. എന്നും സ്കൂൾ വിട്ട് വീട്ടിലേക്ക് നടക്കാൻ അവൾക്ക് കുറെ കുറെ കൂട്ടുകാർ ഉണ്ടായിരുന്നു. അന്ന് മാർച്ച് മാസത്തിലെ അവസാന പരീക്ഷയും കഴിഞ്ഞ് ഇറങ്ങിയപ്പോൾ പതിവുപോലെ ഗേറ്റിന് അടുത്ത് ചേച്ചിമാർ കാത്തുനിൽപ്പുണ്ടായിരുന്നു. കുഞ്ഞാറ്റയെ കണ്ടതും അവർ അവളുടെ കയ്യിൽ നിന്നും സ്ലേറ്റും പെൻസിലും വാങ്ങി അവളുടെ കൈ പിടിച്ചു നടന്നു തുടങ്ങി. വീട്ടിലേക്ക് ഒന്നര കിലോമീറ്ററോളം നടക്കാൻ ഉണ്ട്. പാതയുടെ ഇരു വശത്തും പടർന്നു പന്തലിച്ചു നിൽക്കുന്ന വൃക്ഷങ്ങൾ. സൂര്യകിരണങ്ങൾ വളര അപൂർവമായി മാത്രമാണ് വൃക്ഷങ്ങൾക്കിടയിലൂടെ എത്തി നോക്കുന്നത്. അവൾ തണലത്തൂടെ പരീക്ഷ കഴിഞ്ഞതിന്റെ ആഹ്ലാദത്താൽ വേഗത്തിൽ നടന്നു തുടങ്ങി. ഇനി അങ്ങോട്ട് അവധി ആണല്ലോ. ആദ്യം എത്തുന്നത് കുഞ്ഞാറ്റയുടെ വീട് ആണ്.

വീട്ടു പടിക്കൽ എത്തിയതും സ്ലേറ്റും പെൻസിലും വാങ്ങി കുഞ്ഞു ചേച്ചിമാർക്ക് ടാറ്റ പറഞ്ഞ് ഒറ്റയോട്ടം. മുൻവശത്ത് മുത്തശ്ശി കാത്തു നിൽക്കുന്നു. കുഞ്ഞാറ്റയുടെ □അമ്മ മുറ്റത്ത് ഉണങ്ങാൻ ഇട്ട മുളക് ഇളക്കി കൊണ്ടിരിക്കുന്നു. അവൾ ഓടി മുത്തശ്ശിയുടെ അടുത്ത് എത്തിയിരിക്കുന്നു. മുത്തശ്ശി അവളെ വാരി പുണർന്നു. □അമ്മ അകത്തേക്ക് കയറി വന്നു കുഞ്ഞാറ്റയുടെ കയ്യിൽ നിന്നും സ്ലേറ്റും പെൻസിലും വാങ്ങി വച്ചു. യൂണിഫോം മാറ്റി കയ്യും കാലും കഴുകി കൊടുത്ത് ഒരു ഉടുപ്പ് ഇട്ടുകൊടുത്തു. പരീക്ഷ കഴിഞ്ഞ് നട്ടുച്ചയ്ക്ക് കയറിവരുന്ന കുഞ്ഞാറ്റക്ക് □അമ്മ ഭക്ഷണം വാരി കൊടുക്കുക പതിവാണ്. ആ സമയത്താണ് സ്കൂൾ വിശേഷങ്ങൾ അവൾ ഓരോന്നായി പറയുന്നത്. പരീക്ഷ എഴുതികൊണ്ടിരിക്കുമ്പോൾ പെൻസിൽ പൊട്ടിയതും, വെള്ളം യൂണിഫോമിലൂടെ ഒഴുക്കിയതും പരീക്ഷ കഴിഞ്ഞ് പുറത്തേക്കിറങ്ങി കൂട്ടുകാരോട് യാത്ര പറഞ്ഞതെല്ലാം ഓരോന്നായി അവൾ പറഞ്ഞു കൊണ്ടേയിരുന്നു. അവളുടെ വാ തോരാതെയുള്ള കുഞ്ഞു വർത്തമാനം അമ്മയും മുത്തശ്ശിയും കാതോർത്തു കേൾക്കുമായിരുന്നു.

ഉച്ചയൂണ് കഴിഞ്ഞ് അവൾ മുത്തശ്ശിയുടെ മടിയിൽ കിടക്കും. അവളുടെ തലയിലൂടെ കയ്യോടിച്ച് മുത്തശ്ശി ഓരോ കഥകൾ പറഞ്ഞു കൊടുക്കും. കഥ കേട്ട് കുഞ്ഞാറ്റ മെല്ലെ ഉച്ചമായക്കത്തിലേക്ക് വീണു പോകും.

കുഞ്ഞാറ്റയുടെ വീടിന്റെ ഒരു വശം നിറയെ മരങ്ങളാണ്. കടുത്ത വേനലിലും നന്നേ തണുത്ത അന്തരീക്ഷമാണ് അവിടെ. ഒരു വശത്ത് നിറയെ വൃക്ഷ തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ പടിക്ക് പുറത്തും തൈകൾ ധാരാളം നട്ടിട്ടുണ്ട്. കുഞ്ഞാറ്റ ഉറക്കമുണർന്നു അഞ്ചു മണിക്ക് ശേഷം ഒരു ബക്കറ്റും കപ്പുമായി അച്ഛനോടൊപ്പം വൃക്ഷത്തൈകൾ നനയ്ക്കാൻ പോകുക പതിവാണ്. ഓരോ കപ്പ് വെള്ളവുമായി അവൾ ഓരോ ചെടിയുടെ ചുവട്ടിലും എത്തും. എല്ലാം നനച്ചു കഴിയുമ്പോഴേക്കും അവളുടെ കയ്യും കാലും ഉടുപ്പുമെല്ലാം നനഞ്ഞു കുതിർന്നിട്ടുണ്ടാവും. എങ്കിലും ആവേശത്തോടെയും സന്തോഷത്തോടെയുമുള്ള അവളുടെ ഈ പതിവ് പ്രവർത്തിയിൽ ആരും തടസ്സം പറയാറില്ല. ഒരു പൂമ്പാറ്റയെ പോലെ ആസ്വദിച്ചു പാറി നടന്ന ബാല്യകാലം.

ഇന്ന് അവൾ വളർന്നു വലുതായിരിക്കുന്നു. തനിക്ക് കഥകൾ പറഞ്ഞു തന്ന, വാത്സല്യത്തോടെ തലോടിയിരുന്ന മുത്തശ്ശി വിട പറഞ്ഞിരിക്കുന്നു. വീടിനു ചുറ്റും ചൂടുപിടിച്ച അന്തരീക്ഷം, ചീറിപ്പായുന്ന വാഹനവ്യൂഹവും. നാട്ടുവളർത്തിയ മരങ്ങളെല്ലാം വെട്ടിമാറ്റിയിരിക്കുന്നു. ജനലിലൂടെ പുറത്തേക്ക് നോക്കിയിരുന്ന അവളുടെ കണ്ണുകൾ ഈറനണഞ്ഞു. തന്റെ വാത്സല്യ നിധിയായ മുത്തശ്ശി ഇന്നില്ല. നട്ടുവളർത്തിയ ആ മരങ്ങൾ എങ്കിലും ഉണ്ടായിരുന്നെങ്കിൽ... അവളുടെ ഹൃദയം അപ്പോഴും വിതുമ്പുകയായിരുന്നു.



ആഷ്‌ലിൻ കൃഷ്ണ
C4



# ഹൃദയസഖി

നിന്റെ ഓർമയിലെൻമനം വേദനാ-
ജനകത്തിന്റെ മുൾമുനയിൽ നിൽക്കവേ -
നിന്റെ ഓർമ്മകൾ എന്നുള്ളിൽ ഇറ്റിറ്റായി-
നരകത്തിന്റെ വഴിയോരങ്ങൾ കാട്ടവേ
നീ തന്ന ഓരോ ഓർമകളാം നിമിഷങ്ങൾ
എന്നുള്ളിൽ ആഴ്ന്നിറങ്ങിയ മുൾക്കാമ്പുകളെ-
ക്കാളും കാഠിന്യമുള്ളതായിരുന്നു
കൂരിരുട്ടിൽ നിന്നും വെളിച്ചം പകർന്ന്
അന്ധതയുടെ ആഴങ്ങൾക്കിടയിൽ വലിച്ചെറിഞ്ഞിട്ടും
നിന്റെ നായനാകർഷമായ കണ്ണുകളിൽ
ഞാൻ അന്നുകണ്ട തീക്ഷ്ണതയും ഉജ്ജ്വലതയും
നിന്നെ വിട്ടു എന്നോ അകന്നുപോയിരിക്കുന്നു
ഇനി ഒരിക്കലും തിരികെ വരില്ലെന്നറിഞ്ഞിട്ടും
കടന്നുപോയ വഴിയോരങ്ങളെ ഞാൻ ഇന്നും
സ്നേഹിക്കുന്നു.



അപർണ ഡി
C2



ആഷ്ലിൻ കൃഷ്ണ
C4



# പനിനീർപ്പൂവ്

ചുവന്ന്തുടിച്ച് അതിപുലരിയിൽ തന്നെ -
കണ്ണിനുകുളിർമ്മയായി നീ പൂത്തു നിൽക്കവേ -
നിന്റെ തേൻനുകരാൻ ആരവത്തോടെ -
നിൻ ചുറ്റും വലംവെക്കുന്നു വണ്ടുകൾ -
ജലാംശങ്ങൾ നിന്നിതൾമേൽ സ്പർശിക്കുമ്പോൾ -
കുളിരുകൊണ്ട് ഒരു ചെറു ശിശുവിനെ പോലെ
നീ കൺചിമ്മുന്നു -
തമസിനെ വെളിച്ചമാക്കുന്ന നിലാവു പോലും -
നിൻ മനംമയക്കുന്ന സൗന്ദര്യത്തിൽ
ഒന്ന് അഹങ്കരിച്ചുപ്പോവുന്നു -
വായുവിന്റെ വേഗതയിൽ ലഹരിപ്പിടിപ്പിക്കുന്ന നിൻ ഗന്ധം -
പ്രകൃതിയിലെ ജീവഗണങ്ങൾക്ക് പുതുജീവൻ തന്നെ നൽകുന്നു.
വിരഹം കൊണ്ട് ദുഃഖിച്ചിരിക്കുന്ന യുവതി പോലും -
നിന്റെ സാമീപ്യത്താൽ സന്തോഷവതിയാവുന്നു.
സ്നേഹത്തിനും പ്രണയത്തിനും ജീവനുണ്ടെന്ന് ലോകമെമ്പാടും
തിരിച്ചറിഞ്ഞത് നിന്നെ കണ്ടപ്പിറകാണ്.

# പ്രണയലോകം

ഞാനെന്തു പറയേണ്ടു ഈ പ്രണയത്തെ പറ്റിയെൻ
നക്ഷത്രക്കണ്ണുള്ള പ്രിയമാലാഖ
എഴുവർണ്ണങ്ങളും ചാലിച്ചെഴുതിയ മഴവില്ലിൻ സൗന്ദ
ര്യമീപ്രണയം
ആദ്യമായ് ആത്മാവിൻ താളിൽ കുറിച്ചിട്ട
സ്നേഹസംഗീതമാം ഈ പ്രണയം
മനസ്സെന്ന ചില്ലയിൽ ആദ്യമായ് വിരിയുന്ന
പൂവിന്റെ ഭംഗിയാണീ പ്രണയം
രണ്ടു നക്ഷത്രങ്ങൾ തമ്മിലായ് കാണുമ്പോൾ
പറയാതെ പറയുന്നു ഈ പ്രണയം
അറിയാതെ അറിയുന്നു ഈ പ്രണയം
ഏതോ ജന്മത്തേതിൽ പറയാതെ പോയൊരു
ആത്മാവിൻ നൊമ്പരം ഈ പ്രണയം
ലോകാത്ഭുതങ്ങളിൽ ഒന്നായി മാറിയ
താജ്മഹൽ സൗധമിന്നീപ്രണയം
പ്രണയമാം ലോകത്തെ അറിയുവാനായിട്ട്
നീയും പറക്കേണമെൻ മാലാഖേ...
നീയും പറക്കേണമെൻ മാലാഖേ...



ആദർശ്
E 3



# അനുരാഗം



Aiswarya R
BF 6

വാകപ്പൂക്കുമാ നേരത്തു ഞാനെന്റെ
സ്വപ്നച്ചിറകുകൾ പൊട്ടിച്ചുനോക്കി
മതിമറന്ന നേരം.....
കാർമേഘങ്ങൾ ഒഴുകുന്ന പോലെ....
പേമാരിയെന്നിലെ ദീപസ്പന്ദനങ്ങളൂതിക്കെടുത്തി
എന്നിലെ നാഡികൾ തുടിക്കുന്ന
നാളെ മുതൽ വാർത്തു തുടങ്ങിയ
മോഹങ്ങളെല്ലാം
കുമിളകളായ് തെറിക്കവേ പേശികൾ
വലിച്ചു പിടിച്ചു ഉയിർത്തെഴുന്നേറ്റപ്പോഴും
താളിലെ നാളികേരത്തിന്റെ
കൂട്ടുപോലെ വീണ്ടുമെന്നെ
തളർത്തുന്നു എന്നിലെ
പ്രതിഭാസ നാമ്പുകൾ



# ഗദ്ഗദം



Anshaf R
Bf3

ആഴി തൻ മടിത്തട്ടിൽ ചെമ്പട്ടു വിരിച്ചർക്ക
നാലസ്യത്തോടെ തല ചായ്ക്കുന്നു
ആയുസ്സിന്റെ പുസ്തകത്തിലെ
അവസാന താളുകൾ
മറിക്കുമ്പോൾ
അറിയുന്നു,
സാലഭഞ്ജികകൾപൂക്കുകയാണ്
സൗരഭമെന്നാത്മാവിനെ
പുളകിതമാകുന്നു,
ആർക്കു വേണ്ടിയും സിംഹാസനങ്ങൾ
ഒരുക്കി വയ്ക്കുന്നൊരു
അദൃശ്യകരങ്ങൾ
എന്നെയും തഴുകുന്നുണ്ടോ?
നേർത്തൊരു മൗനത്തിൻ തേങ്ങലൊളിപ്പിച്ചു
എരിയുന്ന കനലെന്റെ
പാവമാം കരളിനെ
പതിയെ പതിയെ ഉരുകി
ഉരുക്കിയൊരു പാപത്തിൻ
വൈതരണിയായിന്നു മാറ്റുന്നു...
മറവിതൻ ഉൾക്കാട്ടിൽ
ഇരുണ്ട വിജനതയിൽ
ആരോരുമറിയാതെ
ഒരു കുഞ്ഞു പൂപോലും
അറിയാതൊരിക്കലും
അത്രമേൽ മൗനമായ് ധ്യാനമായ്
ഏകാന്ത വിജനതയിൽ
വേനൽ മഴയിലാദ്യം വീണ
മഴത്തുള്ളിയെൻ
തിരുനെറ്റിയിൽ തല്ലിത്തകർന്നു
തനുവാകെ കുളിരാൽ
വലയം ചെയ്യുമ്പോൾ
കവിതയൊരു ഗദ്ഗദമായ്
എൻതൂവൽ തുമ്പിൽ
ഒഴുകിയിറങ്ങി........







ASWIN S
BF1





CHANDHANA C
BC3





Johns
BF1

# നീ

ഞാൻ എഴുതിചേർത്ത പുസ്തകത്താളുകളിളത്രയും...
നിന്നെയാണ് ഞാൻ വരച്ചിട്ടത്....

കാലങ്ങൾക്കിപുറവും... എന്നിലെ നിന്റെ ഓർമകൾക്ക്
പ്രായം മധുരപ്പത്തിനെഴാണ്...

ഒരിക്കല്ക്കൂടെ... നീയെന്ന വസന്തത്തെ...
കണ്ടെത്തുവാൻ.. ഞാനെത്ര
കാൽപ്പാടുകൾ താണ്ടണം..!



പ്രതീക്ഷ ഠജ
ആഎ1



# സൗഹൃദം

സൗഹൃദങ്ങൾ അതിരുകളില്ലാത്ത
അനന്തമായ ആകാശം പോലെയാണ്
സപ്തവർണങ്ങളുടെ ചേലൊത്ത
മഴവില്ല് പോലെയാണ്
ആരും കൊതിക്കുന്ന കുളിർതെന്നൽ
പോലെയാണീ സൗഹൃദം
തെറ്റിധാരണകളെ ചാമ്പലാക്കുന്ന
അഗ്നിപോലെയാണീ സൗഹൃദം
മനസ്സിന് കുളിർമയേകുന്ന
മഴ പോലെയാണീ സൗഹൃദം
കണ്ണുനീരിൻ നനവൊപ്പും
കുളിർസ്പർശമാണീ സൗഹൃദം
ആത്മാവിനെ പ്രതിഫലിപ്പിക്കും
വാൽക്കണ്ണാടിയാവുന്നു ഈ സൗഹൃദം



Aiswarya R
BF 6





# പൊൻതിളക്കം

രതി ബി
അസി. പ്രൊഫസർ,
കമ്പ്യൂട്ടർ സയൻസ്

കാണുന്ന സ്വപ്നത്തിൻ തേരിലേറി
പായുന്നു ജീവിത ചിറകുമേന്തി
വാടുമാ ചിന്തതൻ നാളങ്ങളോരോന്നായ്
ആടിയുലയുന്നു ഓർമതൻ മർമരം

സ്വപ്നങ്ങൾ നെയ്തിടാം ചോർന്നിടാതെ
എത്തിപിടിക്കുവാൻ കരങ്ങളേന്തി
ഓളത്തിനൊപ്പമായ് തുഴഞ്ഞു നീങ്ങാം
ഓരോന്നായ് നെയ്തിടാം ഇടവിടാതെ

അതിരുകളില്ലാത്ത വാനിന്റെ നിറവിലായ്
ഓടി ഒളിച്ചീടും മേഘത്തിൻ കൂട്ടങ്ങൾ
വിടരുന്നു കനവുകളോരോന്നായ് മെല്ലെ
ഉയരത്തിലേക്കെന്നെ മാടിവിളിക്കുന്നു

മാഞ്ഞിടും ആദിത്യകിരങ്ങളോ
നൽകുന്നു സൗന്ദര്യരൂപമാറ്റം
സന്ധ്യതൻ താളത്തുടിപ്പിനൊപ്പം
അറിയുന്നു രാവിന്റെ എത്തിനോട്ടം

ചിരി തൂകും ആനന്ദത്തേരിലേരി
നീങ്ങിടും പാരിലോ നൃത്തമാടി
ഉയരത്തിലെത്തിപ്പിടിച്ചതായ് തോന്നിടാം
തിളക്കമാം ജീവിത നിമിഷമോർത്താൽ

വിടരുന്ന സ്വപ്നത്തിൻ തീരത്തിലൂടെ
നാം ഓടിയടുക്കുക ആവേശത്താൽ
ഓടിക്കിതച്ചങ്ങു എത്തുന്നേരം
കൊയ്തിടാം നേട്ടങ്ങൾ കൈനിറയെ

തീരത്തടിയുന്നു ഓളത്തെപോൽ
നിരന്തരമായുള്ളൊരു പ്രയത്നത്തിലൂടെ
നാം നേടിയെടുക്കുന്ന പൊൻതിളക്കത്തെ
മുറുകെ പിടിച്ചീടാം കൈവിടാതെ





# അവൻ

നീ പെയ്തു തോർന്ന മഴയോ
എന്നെ കാത്തുനിന്ന വിധിയോ
ഇരുൾ ഉലച്ച ആകാശത്തിൽ
വീണ്ടും പ്രകാശം എത്തി
നിഴലിച്ച മനസ്സിൽ
നീ പെയ്തൊഴിഞ്ഞ ശേഷം



Ravina MR
C2



# നീ

നീ നോവിച്ചതൊന്നും
നിന്നിൽനിന്ന് അകലില്ല
നീ പെയ്യിച്ച മഴയൊന്നും
നിന്നെ നനയ്ക്കാതെ പോവില്ല
നീ പടർത്തിയ കാട്ടുതീ
നിന്നെ പൊള്ളിക്കാതെ അണയില്ല



# ബന്ധം

പൂട്ടും താക്കോലും പോലെ
ഒരുമിച്ചിരുന്നു പഠിച്ച ഞങ്ങൾ
ഒരു മതിൽ ഇടയിൽ വന്നപ്പോൾ
ഇരുകരങ്ങൾ പോലെ
മറ്റൊരാൾക്ക് വേണ്ടി കൈനീട്ടി



ശ്രീലക്ഷ്മി c
BF2

# കലാലയ വസന്തം

സ്വയം ചുവന്നവിഷ്ണുവാം
വസന്തകാലം പൂത്തുലഞ്ഞപ്പോൾ
സഖാവിനോടൊപ്പം ചുവപ്പിനെയും
കലാലയം നെഞ്ചോടുചേർത്തി......
ഒരിക്കലും ചിതലരിക്കില്ല എന്നുറപ്പുള്ള
ഒരായിരം നിമിഷങ്ങൾ സമ്മാനിച്ച
സഖാവിനെ വിട്ടുപിരിയാൻ
കലാലയത്തിൽ മൺതരികൾ
പോലും വിസമ്മതിച്ചപ്പോൾ,
പിന്നീട് അവർക്കായി
കാത്തിരുന്നത് അനുരൂപമായ
മറ്റൊരു വസന്തമായിരുന്നു.....
പുതുവർണ്ണങ്ങളാൽ ചാലിച്ചെഴുതിയ
മറ്റൊരു വസന്തം.....





DONA P MANOJ
BC4





ശ്രീലക്ഷ്മി M
BF2



# അമ്മ

എന്നാന്തരാത്മാവിൽ നിലാവ് പെയ്യും
പൂർണചന്ദ്രനെപ്പോലെയെന്റെ അമ്മ
ദൈവത്തെപ്പോലെയാണെന്റെ അമ്മ
അല്ല, അമ്മ തന്നെയാണെന്റെ ദൈവം
രണ്ടക്ഷരത്തിലൊതുക്കുവാനാകാത്ത
സാഗരശാന്തതയാണെന്റെ അമ്മ
ഭയമെന്നുള്ളിൽ തോന്നിടും നേരത്തും
അഭയത്തിനായണയും ഞാൻ ആ സാഗരത്തിൽ
അമ്മതൻ വാക്കിനർത്ഥമറിയാത്ത
നൊന്തുപെറ്റമ്മതൻ സ്നേഹമറിയാത്ത
കുഞ്ഞിനെക്കിട്ടുവാൻ കൺചൂഴ്ന്നൊരമ്മതൻ
കഥകൾ മറന്നവർ മക്കൾ നമ്മൾ
അഭയത്തിനായ് കേഴും അമ്മതൻ രോദനം
ഒരു വൃദ്ധസദനത്തിലൊതുക്കി നമ്മൾ



ശ്രീനാഥ് വിജയ്. കെ
E6





# പെണ്ണ്

ഭൂമിയിലുണ്ട് സുന്ദരമാം സ്വർഗ്ഗം.
പുഞ്ചിരിയുടെ, മണി മുത്തിന്റെ താഴ്‌വാരം.
നെഞ്ചിലെ ചൂട് തന്ന് സ്നേഹിച്ചാൽ
അവൾ അമ്മ.
പ്രാണന്റെ പാതിയായി സ്നേഹിച്ചാൽ
അവൾ സഖീ.
മാതൃ തുല്യം സ്നേഹിച്ചാൽ
അവൾ സഹോദരി.
വാക്കുകളിൽ ഒതുങ്ങാത്ത കടലാണ്.
സുന്ദരിയായ അവളിൽ വൈഡൂര്യമാണ് ചിരി.
കാമം എന്ന ചിതയിൽ വീണില്ലെങ്കിൽ
അവളാണ് ലക്ഷ്മി. കാണുന്ന മുഖങ്ങളിൽ
എല്ലാം അവളില്ല
അവളെക്കാൾ ശ്രേഷ്ഠം മറ്റാരുമില്ല.



Srijitha
BC2



# വീണ്ടും

പഠിച്ചിറങ്ങിയ പടിക്കൾ വീണ്ടും
പിടിച്ചു കയറവേ....
താഴിട്ടു പൂട്ടിയ ഈ ഇരുമ്പു ക്കോട്ടതന്നപ്പുറം
പഴമതൻ മാറിൽ ചാഞ്ഞുറങ്ങും നാം
ഓർമ്മകൾ വീണ്ടും കൈക്കോർത്തു നാമാ
വരാന്തകളിലായ് നിൽക്കവേ
വീശിയടിക്കും കാറ്റു മൊഴിയുന്നുവാ
സൗഹൃദത്തിൻ നിമിഷങ്ങൾ
മതിൽക്കെട്ടിൽ വെയിലേറ്റു നാം തീർന്ന സ്വപ്നങ്ങൾ
അതിനപ്പുറം ആ കുന്നുകൾ ഓർമപ്പെടുത്തുന്നപോലെ

ആദ്യമായി ചൂരൽതൻ ചൂട് ഉള്ളംകയ്യെ
ചുവപ്പിച്ച നിമിഷങ്ങൾ
ശാസനയും ശിക്ഷണങ്ങളും ഒന്നിച്ചേറ്റുവാങ്ങവേ
മൗനമായ ആ ബെഞ്ചുകൾ
ആദ്യമായി ചൂരലിൻ സ്പർശമേറ്റ ഗുരുനാഥയിൽ
കൈകൾ വീണ്ടുമെൻ തോളിൽ സ്പർശിക്കുന്നു
അനുഗ്രഹമായി, വിറക്കുന്നുവെൻ വിരൽ അഭിമാനപൂരകമായി

ചങ്ങാതിക്കൂട്ടം തൻ കൈ കോർത്തു പിടിച്ച്
ആ പടിയിറങ്ങി വീണ്ടും തിരിഞ്ഞു നോക്കവേ
ഓർമ്മതൻ പുസ്തകങ്ങളിൽ ഒരുപിടി വർണ്ണചിത്രങ്ങൾ
പിരിയാനാവാതെ സുഹൃത്തിൻ കണ്ണിലേക്കായ് നോക്കി
വിരലുകൾ ചേർത്തു പിടിച്ചു യാത്ര പറയവേ
ആ വിദ്യാലയം പലതും ബാക്കി വച്ചതുപോലെ
വീണ്ടും തിരിഞ്ഞു നോക്കട്ടെ ഞാനാ സ്വർഗ്ഗകവാടത്തിലേക്കായ്
എൻ ഓർമ്മകൾ തൻ താഴിലേക്കായ്



Srijitha
BC2

# പോരാട്ടം

തോൽവികൾ എന്നെ തളർത്തുന്നു
ഒരുവട്ടമല്ല പലവട്ടം
പുച്ഛമേകുന്ന ജിൻ ഭാവങ്ങൾ എന്നെ
താഴ്ത്തുന്നു
എൻ കണ്ണുനീർ ഈ മണ്ണിൽ വീണുടയുമ്പോൾ
ഞാൻ ഉരുകുന്നു, തളരുന്നു, തകരുന്നു
ഒരു വട്ടമല്ല പലവട്ടം
എന്നെ തളർത്തുന്നവർക്കെന്റെ പ്രതികാരം
മൗനം മാത്രം
എങ്കിലും ഞാൻ പിന്മാറുകില്ല
പരാജയങ്ങൾ, പോരാട്ടങ്ങൾ, പരിഹാസങ്ങൾ
ഇന്നോളമെൻ ജീവിതപാതയിലെ
തകർന്ന ഇടവഴികൾ മാത്രം
വേദനകൾ ശരീരത്തെ തളർത്താലും
മുറിവുകൾ ഹൃദയത്തെ തകർത്താലും
നിലയ്ക്കില്ലി പാദം ആർക്കുമുന്നിലും





Vishnu S
BF6

# മറക്കില്ല നിൻ ഓർമ്മകൾ...

എന്റെ മരണ ചടങ്ങിൽ
നീ എത്തണം.

മരവിച്ച എന്റെ കാൽപാദങ്ങൾ,

തണുത്തവെള്ളത്തിൽ ശുദ്ധമാക്കണം.

എന്റെ കൺപോളകൾക്ക് മീതെ-
പരന്ന കണ്മഷി തുടയ്ക്കരുത്.

എണ്ണയില്ലാത്ത എന്റെ മുടിയിഴകളിലൂടെ
വിരലോടിച്ചു കൊണ്ട് നീ പറയണം

'ഞാൻ നിനക്ക് എത്ര പ്രിയപ്പെട്ടവളായിരുന്നുവെന്ന്' (ആണെന്ന്).

എന്റെ ഉടൽ കത്തിയെരിയുമ്പോൾ
പരസ്പരം നാം എരിഞ്ഞു തീർത്ത നിമിഷങ്ങൾ

നീ ഓർക്കണം.

നീ നോക്കിനിൽക്കേ
എന്റെ ഉയിരും, ഉടലും, കത്തി അമരണം.

എന്റെ സ്നേഹത്തിന്റെ അവസാന ചാരവും

നിന്റെ കണ്ണീർ നദിയിൽ ഒഴുകി,

എനിക്ക് മോക്ഷം നൽകണം.





Vishnu S
BF6



# എന്നിലെ സഖീ....

ഓർമ്മകൾ പൂവിട്ട പൂക്കാലം,

ഓടി വന്നു നിൻ ഓർമ്മകൾ.

പൂമരം വാകച്ചോട്ടിൽ ഓടിക്കളിച്ചൊരു ബാല്യം.

അറിയാതെ പോയി സഖീ നീ,

അറിയിക്കാൻ നോക്കി നടന്നിട്ടും,
പറയാൻ മടിച്ചൊരു പ്രേമ കാലം.

പറയാതെ പോയി നിന്നോട് ഉള്ളിൽ
ഒളിപ്പിച്ചു വെച്ചൊരു സ്നേഹജാലം.

മാരിവിൽ പൂത്തമാനത്ത്,

മാരി പെയ്തിറങ്ങും നേരത്ത്,

എൻ ചാരി ഓടിവന്നു നിൻ ഓർമ്മകൾ.

ഓടി അകലുന്നതെങ്ങനെ സഖീ..

അത്രമേൽ പറയാതൊളിപ്പിച്ചൊരു

പൂക്കാലം എന്റെ ഉള്ളിൽ തളിരിട്ടു കൊണ്ടിരിക്കുന്നു.

മറക്കില്ല, മരിക്കില്ല നിൻ ഓർമ്മകൾ.

എത്ര പേമാരികൾ പെയ്തിറങ്ങിയാലും.



KALIDAS
C2



MAMATHA M K BF2



Amrita
BF2

# ഒരു വട്ടം കൂടി

ആർപ്പുവിളകളും,പൊട്ടി ചിരികളും,മുദ്രാവാക്യങ്ങളും,ആഘോഷങ്ങളും എല്ലാം ഇന്നും ജീവിക്കുന്ന ഓർമ്മകളായി ആ ഓർമ നിറഞ്ഞ വരാന്തയിലൂടെ ഒരുവട്ടം കൂടി നടന്നു നീങ്ങാൻ ഇന്നും എൻ മനസ്സ് കൊതിക്കുന്നു. ഓടിട്ട ക്ലാസ്സ് മുറിയിലൂടെ മഴയത്ത് ചിതറി വീഴുന്ന മഴ ചാറലുകൾക്ക് ഇന്നും ഒരു കുളിർമയാണ്. ഇടുമ്പഴികൾ എന്ന് വിചാരിച്ച് ഒരുകാലത്ത് പോവാൻ മടിച്ച എന്നാൽ ഇന്ന് ഒന്ന് പോവാൻ കൊതിക്കുന്ന ഇടങ്ങളിൽ ഒന്നായി തീർന്നിരിക്കുന്നു.കാലങ്ങൾ എത്ര മാഞ്ഞുമറഞ്ഞ് പോയാലും ആ ഓർമകൾ ഇന്നും മനസ്സിനെ കുളിർമ അണിയിച്ചിട്ടെ ഉള്ളു. വിടപറഞ്ഞു നീങ്ങിയ ആ വഴികളിൽ സുഹൃത്തുക്കൾ നൽകിയ മധുരമുള്ള ഓർമകളെ നുണന്നൊന്ന് നോക്കുമ്പോൾ അറിയാതെ ആ വഴിയിലൂടെ നടക്കാൻ കൊതിക്കുകയാണ്. കാലമെത്ര കഴിഞ്ഞാലും വരാന്തയിലൂടെ നടന്നു നീങ്ങുമ്പോൾ അണയാത്ത ഓർമകൾ അകത്തേക്ക് വിളിക്കുന്നു,നിശബ്ദത മുറിച്ച് സന്തോഷത്തിന്റെയും ആർപ്പുവിളികളുടെയും കൂട്ടച്ചിരികളും ഇരമ്പങ്ങളും കേൾക്കാം.ഇത്ര മേൽ അധികം ഓർമിക്കണം എങ്കിൽ അത്ര മേൽ അധികം ജീവിച്ചു കാണണം നമ്മളിൽ പലരും.

ഒത്തു കൂടിയവർ എല്ലാം പിരിഞ്ഞെ മതിയാവൂ എന്ന് പറയുന്നത് എത്ര യാഥാർത്ഥ്യമാണ്.

വരാന്തകൾ പരിഹസിക്കാനും,പുസ്തകങ്ങൾ കളിക്കാനും ഒത്തുകൂടിയത് പിരിയാനും.പുസ്തക സഞ്ചി തൂക്കി ഇനി ഒരു വരവ് അസാധ്യമാണ്.

ഓർമകളെ കൂടെ കൂട്ടി പടിയിറങ്ങി കഴിഞ്ഞിരിക്കുന്നു.വഴിമാറി കൊടുത്തേ മതിയാവൂ....

തിരിച്ചു കിട്ടാത്ത ആ ഓർമയുടെ സുദിനത്തിൽ ഇന്നും ജീവിച്ച് പോവുകയാണ്.. കൊതിതീരാതെ...

# കൊറോണയും കലാലയവും ( അനുഭവം )



Anshaf. R
BF4

കോളേജിലെ മധുരമായ സൗഹൃദവും നല്ല അനുഭവങ്ങളും സ്വപ്നം കണ്ട്, കോളേജ് ക്യാംപസ് , ഗ്രൗണ്ട്, കാന്റീൻ , പ്രണയ കഥ , വിരഹം , വിപ്ലവം അങ്ങനെ പലതും . എന്നാൽ എന്റെ മനസിൽ നിന്നുള്ളതോ എന്റെ ഓർമ്മകളിൽ നിറഞ്ഞതോ ആയ ഒരു കാര്യവും നടന്നില്ല എന്നതാണ് സാരം.

പഴയകാല പട്ടാളക്കാർ അവരുടെ മുഖം മൂടി മറച്ച് യുദ്ധം ചെയ്യാൻ പോവുന്നത് പോലെയാണ് എന്റെ കോളേജ് തുറന്നപ്പോൾ ഞാനടക്കമുള്ള കുട്ടികൾ പഠിക്കാൻ പോയത്. കൊറോണ എന്ന ഭീകരവാദിയായ വൈറസ് പടർന്ന് പിടിച്ചത് കൊണ്ടും ലോകം മുഴുവൻ നടുങ്ങിയത് കൊണ്ടും ഓൺലൈനിലായി പഠിത്തം. തുടക്കം മുതലേ കോളേജിന്റെ ഉള്ളിൽ കയറാൻ പറ്റാതെയായി. ക്ലാസുകളും , എക്സാമുകളും , കോളേജ് പരിപാടികളുമെല്ലാം തന്നെ ഓൺലൈനായി മാറി. ആദ്യമൊക്കെ കോളേജ് ഇല്ലാത്തത് നന്നായി എന്ന് തോന്നി. പഠിത്തം, പരീക്ഷ, ഗാഡനിദ്ര എന്നിങ്ങനെ കുറെയധികം ഗുണങ്ങൾ.

ഓൺലൈൻ വിദ്യാഭ്യാസവും കൊറോണയുമായി ഒന്നരക്കൊല്ലം പിന്നിട്ടു. ശേഷം കോളേജിൽ എത്തിയപ്പോൾ വളരെ വ്യത്യസ്തമായിരുന്നു. നഷ്ടപ്പെട്ട ഒന്നരവർഷത്തെ കലാലയാന്തരീക്ഷം എല്ലാ മുഖങ്ങളിലും കാണുന്നുണ്ടായിരുന്നു. ഞാനടക്കമുള്ളവർക്ക് ആർക്കും ആരെയും അറിയാത്ത ഒരനുഭവം. ചില കൂട്ടുകാരെ അറിയാമെങ്കിലും ഉദ്ദേശിച്ചവർ തന്നെയാണോ എന്നൊരു സംശയം. കളിയും തമാശകളും ഇണക്കവും പിണക്കവും. ടീച്ചർമാരോടുള്ള കമന്റ്സും പഠനാനുഭവങ്ങളും ചിലരുടെ പ്രണയങ്ങളും സൗഹൃദം അങ്ങനെ ഒരുപാട് നർമ്മരസങ്ങൾ എല്ലാം ആ നീണ്ട ഒന്നരവർഷം കവർന്നെടുത്തു...

ക്ലാസുകൾ തുടങ്ങിയപ്പോൾ ആവേശം തിരതല്ലി. എവിടെയോ വായിച്ച് മനസിൽ പതിഞ്ഞ കോളേജും ക്യാംപസും നഷ്ടപ്പെട്ടു എന്ന് കരുതിയ പലതും ലഭിക്കുന്നു. ചങ്ങാത്തം, പ്രണയം, പഠനം, കലാസൃഷ്ടികൾ ... അങ്ങനെ പലതും . ഓരോന്നായി അറിയുമ്പോൾ പോയ് മറഞ്ഞ കാലത്തെ പടിയിറക്കുന്നതായി തോന്നി തുടങ്ങി.

കോവിഡ് 19 കവർന്നെടുത്തത് ചിലരുടെ ജീവിതം തന്നെയാണെന്ന് പറയാം. ജീവിതത്തിന്റെ വഴിത്തിരിവിന്റെ ഒരു പ്രധാന ഘടകം തന്നെ കോളജ് ആണെന്ന കാര്യത്തിൽ ഒരു സംശയമില്ല . ഈ കോവിഡ് 19 എത്രമാത്രം കലാലയ ജീവിതത്തെ മാറ്റി മറിച്ചുവെന്നും കലാലയം എത്രമാത്രം പ്രധാന്യം അർഹിക്കുന്നുവെന്നും അനുഭവങ്ങളിലൂടെ മനസിലാക്കാൻ എനിക്കും എന്റെ കൂട്ടുകാർക്കും കഴിഞ്ഞുവെന്നതാണ് ഈ സന്ദർഭത്തിൽ വ്യക്തമാക്കാനുള്ളത്. ഇനി വരുന്ന വിദ്യാർത്ഥി സമൂഹത്തിനെങ്കിലും കോളേജ് ക്യാംപസ് പഠനാന്തരീക്ഷം ഒട്ടും ചോർന്ന് പോവാതെ ആസ്വദിച്ചും അനുഭവിച്ചും ഓർമ്മകളിൽ സൂക്ഷിക്കാനുള്ള ഒരുപിടി അനുഭവങ്ങൾ ലഭിക്കട്ടെ.





AJITH KRISHNAN
BC4





RAHANA PR
C4





Dr. Aysha .V
Principal

# ചതുരുപായങ്ങൾ (ഒരു അനുഭവക്കുറിപ്പ്)

പുതിയ തലമുറയെ മാറ്റിനിർത്തിയാൽ ഒട്ടുമിക്കയാളുകളും അധ്യാപകരുടേയും രക്ഷിതാക്കളുടേയും വീട്ടിലെ മുതിർന്ന വരുടേയും ശിക്ഷകളും ശാസനകളും ഏറ്റായിരിക്കും വളർന്നിട്ടുണ്ടാക്കുക.

" അടിച്ചു വളർത്താത്ത കുട്ടിയും അടച്ചു വേവിക്കാത്ത കറിയും ഒന്നിനും കൊള്ളില്ലെന്ന' പഴഞ്ചൊല്ല് തന്നെ അതിനെ ഓർമ്മിപ്പിക്കാനായി നമ്മുടെ നാട്ടിലുണ്ടല്ലോ? ഇന്ന് കുട്ടികളെ അടിച്ചു വളർത്തുന്ന പരിപാടി കുട്ടികളുടെ അവകാശ നിയമപ്രകാരം ഇല്ല. അടി ഇന്നൊരു പ്രാകൃത ശിക്ഷാ രീതിയായി കണക്കാക്കുന്നു. കുട്ടികളെ സ്നേഹിച്ചും ലാളിച്ചും ശാസിച്ചും സമ്മാനങ്ങൾ നൽകിയും പ്രോത്സാഹിപ്പിച്ചും നേർവഴിക്കു നയിക്കുകയാണ് അധ്യാപകരും രക്ഷിതാക്കളും ചെയ്യേണ്ടത്. കുട്ടികളുടെ സ്വഭാവ രൂപീകരണം ഏകദേശം 8 – 10 വയസ്സിനുള്ളിൽ പൂർത്തിയാകുന്നു. ഇന്ന് പല രക്ഷിതാക്കളും ഈ കാലയളവിൽ കുട്ടികളിൽ മൂല്യങ്ങൾ പകർന്നു നൽകാൻ ശ്രദ്ധിക്കാത്തതു കൊണ്ട് പിന്നീടത് ഹൈസ്കൂൾ – കോളേജ് അധ്യാപകർക്ക് ബുദ്ധിമുട്ടാകാറുണ്ട്. നമ്മൾ കൃഷി ചെയ്യുമ്പോൾ തറയിൽ കിടക്കുന്ന അല്ലെങ്കിൽ പന്തലിൽ നിന്ന് ഞാന്നുകിടക്കുന്ന അല്ലെങ്കിൽ താങ്ങിൽ നിന്ന് വേറിട്ടു കിടക്കുന്ന പാവലും കോവലുകളുമൊക്കെ തക്കസമയത്ത് താങ്ങിൽ കയറ്റിയില്ലെങ്കിൽ വള്ളിയുടെ വളർച്ച മുരടിച്ചു നല്ല കായ്ഫലമില്ലാതാകുന്നതുപോലെ മുതിർന്നവരും അധ്യാപകരും തക്ക സമയത്ത് ശ്രദ്ധിച്ച് വേണ്ട രീതിയിൽ നയിച്ച് വളർത്താത്ത കുട്ടികൾ പാഴായി പോകുന്നു. അതിന്റെ ഉത്തരവാദിത്വം മുതിർന്നവർ ഏറ്റെടുക്കാൻ ബാധ്യസ്ഥരാണ്.

ഞങ്ങളുടെ കുട്ടിക്കാലത്ത് അച്ഛനമ്മമാരിൽ നിന്ന് പല ഗുരുത്വ ക്കേടുകൾക്കും തല്ലു കൊണ്ടിട്ടുണ്ട്. അതിൽ ഏറ്റവും വല്യ ശിക്ഷയെന്ന് എനിയ്ക്ക് തോന്നിയത് ഞാൻ ഒന്നാം പാഠം കീറിയതിന് അച്ഛന്റെ തല്ലു കൊണ്ടതാണ്. ഒന്നാം പാഠത്തിലെ ആകർഷണീയമായ ചിത്രങ്ങൾ ഞാൻ വെട്ടിയെടുത്ത് അച്ഛന്റെ മേശയിൽ നിന്നും പശയെടുത്ത് പലയിടത്തായി ഒട്ടിച്ചു വച്ചു. അച്ഛൻ അത് കണ്ടുപിടിച്ചു. എന്നെ ശാസിച്ച ശേഷം പുതിയ പാഠപുസ്തകം വാങ്ങിത്തന്നു. ഞാനതിൽ നിന്ന് വീണ്ടും ചിത്രങ്ങൾ വെട്ടിയെടുത്തു. ഒരു ദിവസം അച്ഛൻ എന്നെ പഠിപ്പിക്കാനായി അടുത്തു വിളിച്ചിരുത്തി. പുസ്തകം നിവർത്തി താളുകൾ ഓരോന്നായി മറിച്ചപ്പോൾ അച്ഛന്റെ കോപം വർദ്ധിച്ചു വർദ്ധിച്ചു വന്നു. ഞങ്ങളുടെ നെല്ലിക്കുന്നിലെ വാടക വീടിന്റെ പരിസരത്ത് ശീമക്കൊന്ന, വട്ട , ഇലന്ത എന്നീ മരങ്ങളേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ ശീമക്കൊന്നയുടെ കമ്പായിരുന്നു ഞങ്ങളെ തല്ലാനായി ഉപയോഗിച്ചിരുന്നത്. എനിയ്ക്കിത്തിരി വലിയ ശീമക്കൊന്നക്കമ്പ്. അനുജന് അതിൽ ചെറിയത്. അനുജത്തി യ്ക്ക് ഈർക്കിൽ . ഇതായിരുന്നു ആദ്യ കാലത്തെ പതിവ്. അച്ഛൻ ഞങ്ങളെ ശിക്ഷിക്കുന്ന സമയത്ത് അമ്മ തടസ്സം പിടിക്കാൻ വരാറേയില്ല.

ഒന്നാം പാഠം രണ്ടാമതും കീറിയത് കണ്ടുപിടിച്ച ദിവസം രാത്രിയിൽ വീട്ടിലുണ്ടായിരുന്ന ശീമക്കൊന്ന കമ്പെടുത്ത് അച്ഛൻ എന്നെ പൊതിരെ തല്ലി. പിഞ്ച് ശീമക്കൊന്നയായതിനാൽ തല്ലുമ്പോൾ കമ്പിന്റെ തുമ്പു മുതൽ താഴോട്ട് ഒടിഞ്ഞൊടിഞ്ഞ് പൊയ്ക്കൊണ്ടിരുന്നു. എന്നിട്ടും അച്ഛന്റെ ദേഷ്യം തീർന്നില്ല. പിന്നെ രാത്രി തന്നെ പുറത്തുപോയി മറ്റൊരു ശീമകൊന്നക്കമ്പുകൂടി അച്ഛൻ വെട്ടിക്കൊണ്ടുവന്നു. അച്ഛന്റെ ദേഷ്യം തിരുന്നതു വരെ എന്നെ തല്ലി. കാലുകൾ നിറച്ച് അടികൊണ്ട പാടുകളായി. അതോടെ ഞാൻ പുസ്തകങ്ങൾ ഭംഗിയായി താളിന്റെ അറ്റം പോലും മടങ്ങാതെ സൂക്ഷിക്കാൻ പഠിച്ചു. അച്ഛൻ അടിച്ച് കഴിഞ്ഞ് ഞങ്ങൾ കുട്ടികളെ എടുത്തു കൊണ്ടു നടന്ന് സ്നേഹിക്കും. എന്ത് കുറ്റം ചെയ്തതിനാലാണ് തല്ലേണ്ടി വന്നതെന്നും മറ്റും കാര്യമായി പറഞ്ഞു തരും. അതിനാൽ അച്ഛൻ തല്ലുന്നതു കൊണ്ട് ഞങ്ങൾക്ക് അച്ഛനോട് ദേഷ്യമൊന്നും തോന്നിയിരുന്നില്ല. പിറ്റേന്ന് രാത്രി എനിയ്ക്ക് പുതിയ ഒന്നാം പാഠം കിട്ടി. തല്ലു കൊണ്ട രാത്രി അമ്മയ്ക്ക് പണിയായി. അമ്മ എന്റെ കാലൊക്കെ പിടിച്ചു നോക്കി. അമ്മയ്ക്ക് ഉള്ളിൽ സങ്കടം വന്നു കാണും. അന്നു രാത്രി എന്റെ യൂണിഫോം പാവാടകളിലൊന്ന് അമ്മ അഴിച്ചു. തങ്ങളുടെ തയ്യൽ മെഷീനിൽ അഴിച്ച പാവാടയുടെ ഭാഗങ്ങൾ മറ്റേ പാവാടയുമായി കൂട്ടി ചേർത്ത് തയ്ച്ച് കണങ്കാൽ വരെ ഇറക്കമുള്ള പാവാടയാക്കി മാറ്റി. പിറ്റേന്ന് അതു മുടുത്താണ് ഞാൻ സ്കൂളിൽ പോയത്. ആരും അതൊന്നും അന്ന് ശ്രദ്ധിച്ചില്ല.
എന്റെ കാലിലെ പാടുകൾ മാഞ്ഞു കഴിഞ്ഞപ്പോൾ അമ്മ പാവാട അഴിച്ച് തയ്ച്ച് രണ്ട് പാവാടയാക്കി മാറ്റി. പിന്നീട് ഇത്രയും വലിയ തല്ല് അച്ഛൻ ഞങ്ങളെ തല്ലിയിട്ടില്ല. അച്ഛൻ പിന്നീട് ഞങ്ങളെ തല്ലുമ്പോൾ ഞങ്ങളറിയാതെ അമ്മ അച്ഛനെ ഒന്നു തോണ്ടി നിയന്ത്രിക്കുമായി രുന്നു. ഇത് അവർ തമ്മിലുള്ള ഒരു ധാരണ പ്രകാരമായിരുന്നു. ഇതൊക്കെ വളരെക്കാലം കഴിഞ്ഞാണ് ഞങ്ങൾ അറിയുന്നത് തന്നെ.

ഞങ്ങൾ മൂന്നുപേരും അടി കൂടിയ ശേഷം അച്ഛന്റെ മുന്നിലെത്തി പരാതി പറഞ്ഞാൽ അച്ഛൻ ഓരോരുത്തരും ചെയ്ത കുറ്റത്തിനനുസരിച്ചുള്ള ശിക്ഷ തരുമായിരുന്നു. അതിനു ശേഷം ഞങ്ങൾക്ക് ഗുണപാഠ കഥകളും പഞ്ചതന്ത്രം കഥകളും പറഞ്ഞു തരും. മൂന്നുപേരും ഒരുമിച്ച് നിൽക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ചൂലിന്റെ ഉദാഹരണ സഹിതം പറഞ്ഞു തന്നു. ഒരു ചൂലിലെ ഈർക്കിലുകൾ ഒറ്റ ഒറ്റയായെടുത്താൽ വേഗത്തിൽ ഒടിച്ചൊതുക്കാം എന്നാൽ ഒരു ചൂൽ ഒന്നായി ഒടിക്കാൻ പറ്റി ല്ലെന്ന് പറഞ്ഞു തന്നു. പിൽക്കാലത്ത് പലവിധ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നപ്പോൾ ഞങ്ങൾ മൂവരും ഒറ്റക്കെട്ടായി നിൽക്കാൻ ഈ കാര്യങ്ങൾ ഇടയാക്കി. അതു പോലെ ശമം, ദമം, ഉപരതി , ശ്രദ്ധ തിദിക്ഷ, സമാധാനം

എന്നിവ നേടേണ്ട തിനെ കുറിച്ചും സാമം, ദാനം , ഭേദം, ദണ്ഡം എന്ന ചതുരുപായങ്ങളെ കുറിച്ചും അച്ഛൻ പറഞ്ഞു തന്നു. ക്ഷമ മക്കളിൽ നിന്നാണ് പഠിക്കുന്നതെന്നും അച്ഛൻ തന്നെ പറഞ്ഞിട്ടുണ്ട്.

അച്ഛൻ വളരെ ക്ഷമിച്ച ഒരു കാര്യമായിരുന്നു അനുജന്റെ ഉറക്കത്തിലുള്ള മുള്ളൽ സ്വഭാവം. ഏഴാം ക്ലാസ്സിൽ പഠിക്കുന്നതുവരെയും അവൻ അത് തുടർന്നു. കിടക്കുന്നതിന് മുമ്പ് മൂത്രമൊഴിപ്പിച്ച് കിടത്തിയാലും അവൻ വീണ്ടും ഇതാവർത്തിച്ചു വന്നു. എനിയ്ക്കും അനുജത്തിയ്ക്കും ഈ ശീലം നന്നെ ചെറുപ്രായത്തിൽ മാറിയിരുന്നു. അങ്ങനെ ഒരു രാത്രി അച്ഛൻ ഒരു കമ്പുമായി ഉണർന്നിരുന്നു. അനുജൻ ഉറക്കത്തിൽ മൂത്രമൊഴിച്ച മാത്രയിൽത്തന്നെ അച്ഛൻ ഒരടി അവനു കൊടുത്തു. അവൻ ഞെട്ടിയുണർന്നു. കാര്യം ബോധ്യപ്പെട്ടു. ആ ദു:ശ്ശീലത്തിന് എന്നെന്നേയ്ക്കുമായി പൂർണ്ണ വിരാമമിട്ടു.

കൈയ്യക്ഷരം നന്നാവാൻ കൃത്യമായി പകർത്തിയെഴുതുക എന്നത് അച്ഛന് നിർബന്ധമായിരുന്നു. ഞാനും അനുജത്തിയും ഞങ്ങളുടെ പണി പൂർത്തിയാക്കി വയ്ക്കും. അനുജന്റെ പണി പൂർത്തിയാകാതെ കിടക്കും. അങ്ങനെ ഇത് പല പ്രാവശ്യം ആവർത്തിച്ചപ്പോൾ അച്ഛൻ അമ്മയേയും മകനേയും രാത്രിവീട്ടിൽ നിന്നും പുറത്താക്കി. അമ്മ പകർത്തെഴുത്ത് ബുക്കുകളും പേനയും ജനലിലൂടെ ആവശ്യപ്പെട്ടു. ഞാൻ എടുത്തു കൊടുത്തു. രാത്രി ഒരു മണി കഴിഞ്ഞപ്പോൾ അനുജൻ പകർത്തിയെഴുതിക്കഴിഞ്ഞു. പിന്നീട് അച്ഛൻ രണ്ടു പേരേയും വീട്ടിൽ പ്രവേശിപ്പിച്ചു.

തക്ക സമയത്തെ രക്ഷിതാക്കളുടെ ഇടപെടലുകൾ മൂന്നു മക്കളേയും നേർ വഴിക്ക് നയിക്കാൻ സഹായിച്ചു. ചതുരുപായങ്ങളിൽ ദണ്ഡം അച്ഛൻ അവസാനമേ പ്രയോഗിച്ചിരുന്നുള്ളൂ. അതുപോലെ തന്നെയാണ് ഞാനും.
ഓരോ കുഞ്ഞിനേയും തക്കസമയത്തെ തിരുത്തലുകൾ കൊണ്ട് നന്നാക്കിയെടുക്കാൻ സാധിക്കും. അങ്ങനെ തിരുത്തിയെടുത്താൽ മാത്രമേ അവർ ഉത്തമ പൗരന്മാരായി മാറുകയുള്ളൂ. രക്ഷിതാക്കൾ അവരുടെ ഉത്തരവാദിത്തങ്ങൾ നന്നായി പൂർത്തീകരിക്കുക തന്നെ വേണം. അധ്യാപകർ അവരുടേയും.





LAVANYA C
CS2

# സഖി നീയെൻ മഴയെ...





Saranya
BF6

ചുണ്ടുകൾ കൊണ്ട് നിൻ
രോമകൂപങ്ങൾ ഞാൻ എണ്ണിയെടുക്കും...

ശീൽക്കാര ശബ്ദം കേൾക്കാനായെൻ
കാതുകൾ രണ്ടും കൂർപ്പിച്ചുവയ്ക്കും...

പതിയെ ഞാൻ വരാം
നിൻ ഇരുട്ടിന്റെ ഇടനാഴിയിലേക്ക്...

മഴയേ... നീയെൻ പ്രേമഭാജനം
ഒപ്പിയെടുത്ത വിയർപ്പുമായി എന്നെ
അനുഗമിക്കുക...

ധരണി... നിൻ ധമനിയിലൂടെ ഞാനിതാ
ഓട്ടം തുടങ്ങട്ടെ
ഇനിയുള്ള യാത്രയുടെ കടിഞ്ഞാൺ
നിൻ മടിത്തട്ടിൽ ഞാൻ കോരുത്തീടാം...

നമുക്കൊരുമിച്ചു പുണർന്നി-
യാത്ര തുടരാം...
ഞാനാം മഴ നിർത്താതെ പെയ്യട്ടെ...



Nikhil B
BF2

# കൊറോണക്കാലം സ്ക്കൂൾ ജീവിതം മാറ്റിമറിക്കുമോ?

തോളിൽ കയ്യിട്ടും, കൈ ചേർത്ത്
പിടിച്ചു ചങ്കല്ല, ചങ്കിടിപ്പാണെന്ന്
പറഞ്ഞും
സ്ക്കൂൾ പടിയിലൂടെയും,
വരാന്തകളിലൂടെയും ഉറ്റ
സുഹൃത്തുകളുമായി നടന്നിരുന്ന ആ
സ്കൂൾ കോളേജ് കാലം ഇത്തിരി
കാലത്തേയ്ക്കെങ്കിലും
അവസാനിയ്ക്കാൻ പോവുകയാണ്.
ഇത്തിരിയാണോ ഒത്തിരിയാണോ
എന്ന് കാത്തിരുന്ന് തന്നെ
അറിയേണ്ടി വരും



# സുനിദ്ര



Saranya
BF6

ചുറ്റും ഇരുട്ടാണ്...
കണ്ണുകളെന്തേ തുറക്കാൻ പറ്റുന്നില്ല...
എന്റെ ഇരുട്ടിനെ വകഞ്ഞുമാറ്റി അവൻ
എന്നിലേക്ക് അടുക്കുകയാണ്...

മാംസകഷണങ്ങളെ ചുംബിക്കുന്നു...
കൈകൾ വഴുക്കുന്നു...
തണുത്ത ശരീരം നീരാവിയാൽ പുകഞ്ഞു നീറുന്നു...
എന്നെ മൂടിയ ധവളശീലയതാ ഭാത്തിയിൽ തലതല്ലി വീഴ
ുന്നു...
എവിടെയാണിനി അവൻ ചുബിക്കേണ്ടത്...

മയക്കം വീണ എന്റെ കണ്ണുകൾ താനേ തുറക്കുന്നുവോ...
വിരലുകൾ തമ്മിൽ കെട്ടിവെച്ച ബന്ധനം പോലും അഴ
ിഞ്ഞു...

ഞാൻ ഉണരും വരെ അവൻ ചുംബിച്ചു കൊണ്ടേയിരുന്നു...
ഉറക്കെ വിളിച്ചു പറയണം എന്നുണ്ട്... ഹേ... മൃഗമേ...
ജീവനില്ലാത്ത ഒരു ശവമാണ് ഞാൻ... നിന്നെപ്പോലെ
ഒരാൾ കാരണം ആത്മാവിനെ പിരിയേണ്ടി വന്നവൾ...





Saranya
BF6



# സപ്തദിനങ്ങൾ

കാലുകൾ നിലത്തുറച്ച് പ്രതികാരത്തിന്റെ
വാളെടുത്തുകെവൾ ആ രീതിയിൽ നിന്നുമുരുകുന്ന
പച്ചമാംസത്തിന്റെ ഗന്ധം ആസ്വദിച്ച്
പ്രതികാരം ചെയ്യാൻ ആഗ്രഹിക്കുന്നു...
അവളിലെ അറപ്പുളവാക്കുന്ന അനേകം
ഓർമ്മകളാണവ...

അടിവയർ ചോരതുപ്പുന്ന, പെണ്ണിന്റെ
മാസമുറയെപ്പറ്റി എന്റെ ചിന്തകളിൽ വാചാലമായി...
ഇന്നലെവരെ നമ്മുടെ ചിന്തകളിൽ.
തലയണയിൽ മുഖമുയർത്തി കരഞ്ഞ് നേരം തോറും
സാനിറ്ററി പാഡ്- പാവാടയ്ക്കടിയിൽ ഒളിപ്പിച്ച്
ഇടയ്ക്കിടെ ടോയിലെറ്റിൽ വേദനിച്ച് മരവിച്ച
പെണ്ണിന്റെ മുഖം...

പുരുഷന്റെ മുന്നിൽ ആവശ്യക്കാർക്ക് മാത്രം...
ചലിക്കുന്ന പാവയായി മാറിടുന്നു...
വേട്ടയാടിന്റെ സുഖം ഇരയറിയുന്നതുവരെ
മാത്രമാണ് വേട്ടക്കാരന്റെ ആയുസ്സ്!

അതിനുമപ്പുറം ഒളിച്ചിരിക്കാൻ കഴിയാതെ
വേട്ടയാടാനുമറിയുന്ന ഇരയുടെ പ്രതികാരത്തിൽ
ചത്തു വീഴുകമാത്രമാണ് വേട്ടക്കാരന്റെ വിധി...
അവളിലെ ആർത്തവം പോലെ തന്നെ ഒഴുകട്ടെ
ചിന്തകളും.... എങ്ങും കറപിടിക്കാതെ...





NANDHINI MB
BF4



Divek
C4



# The Quote that changed me, “I was a nerd before it was cool.”

President Barack Obama is letting his nerd flag fly.

In an interview with Popular Science, Obama marveled that being a "nerd" has become something to be proud of, unlike when he was a kid.

"What's remarkable is the way 'nerd' is such a badge of honor now. Growing up, I'm sure I wasn't the only kid who read Spider-Man comics and learned how to do the Vulcan salute, but it wasn't like it is today," Obama said. "I get the sense that today's young people are proud to be smart and curious, to design new things, and tackle big problems in unexpected ways. I think America's a nerdier country than it was when I was a kid—and that's a good thing!" As for his administration, Obama believes they have "at least a little nerd credibility built up," particularly for their detailed response to a petition to build a Death Star.

Obama was also asked who he'd want stuck on Mars with him — Mark Watney from "The Martian" or Ellen Ripley from the "Alien" — and he chose both.

"As long as it's a hypothetical question, can't I pick both? If I've got Matt Damon growing potatoes and Sigourney Weaver taking care of any unwelcome intruders, I like my chances," Obama said.

But "The Martian" does have an edge with Obama — he told People the movie was his favourite pick for 2015.





NEELIMA M
BF2

# The First Day

It was the first day and I was nervous and kinda excited. Firstly, it was my first time without my friends. I've studied from kindergarten to +2 in the same school with the same students and that too for a long 14 years. I didn't know how it was gonna be. Will I make friends or companions? is it gonna be fun? There were a lot of things running through my mind. Also the fact that my friends who got transferred after 10th to another school took 2-3 months to even be comfortable with others scared me a bit. I was unsure of myself.

I headed to the college, while I was entering I could hear the loud noise of drums and seniors were shouting and dancing to it. They were welcoming us. I got introduced to a senior, she made me comfortable and helped me to find the way to my class and as I entered everyone had already reached and were seated and were staring at me, the late comer or you could say the punctual one as others were just simply early. I actually did made a contact with a few of them from the college class group so it was less awkward. Everyone was really friendly and I could completly calm myself. All of us were nervous and excited. It was fun and there weren't any sort of ragging in the first day. We took a look around the campus. The campus was small but tranquil and it went like a fun peaceful day. It was not just any other day, it was a new opportunity, a new chance, new beginning. It was the first day of college life!!



# THE PLEASURE OF COLLEGE LIFE

SUHAIBA P Y
BF2

College life is one of the most remarkable and lovable times of an individual-'s life. Unlike school life, college life has a different experience, and a person needs to have this experience in her/his life. College life exposWps us to whole new experience which we always dream of experiencing after our school life. Lucky are those who get the chance to enjoy their college life, as many people don-'t get this chance due to their circumstances or financial issues. For every person college life has a different meaning. While some people spend their college life partying with friends, others become more cautions about their careers and study hard. Whatever the way, every individual enjoys their college life and always wishes to relieve that time once it is over. College life is for three years only, where every year introduces new challenges and lessons to us. While in school, our teachers and friends always protect and guard us, in college life we form a relationship with our mentors, and they don-'t protect us all the time as our school teachers did. In college life, one gets a chance to make their own decisions. An individual gets a chance to nominate himself/herself for more prominent positions like college president, secretary, and vice secretary. Some of the most fun memories of college are "college canteen". The canteen is supposed to be where most of the students satisfy their hunger and hang out with their friends. The "annual fest"of the colleges. Fest always filled the students life with excitement and buzz. It gave new opportunities to explore, compare, compete and provide a platform to showcase their talent. It became a place where students take lots of pictures and record their experience. One of the best things in college life is field trips where they can go out and have quality time with their friends and teachers are learning experiences.

As a college student, the hardest part of college life was leaving college after graduation. The last days of college were the hardest, knowing that soon you will be departing your friends, the campus, teachers and completely leaving behind a part of life.



V J THEJAS
E2


"SAVE WATER
IT WILL SAVE
YOU LATER"
"WATER
IS
PRECIOUS
USE
WISELY"
!
Save
us for
yourself
store rain
water for
different purposes
V. J. THEJAS



V J THEJAS
E2


SAVE ENERGY FOR GOOD FUTURE
FOR WORST FUTURE
ENERGY CONSERVATION
E
F
HYDEL POWER
SOLAR POWER
Thermal
SAVE
EARTH
SOLAR TRAIN
BIOGAS
Geo thermal
Plant Trees
For Bright Future
V. J. THEJAS






VISHNU SURESH
E4

# DIGITAL PILLS

Flicking your wrist as your smart watch nudges you, you find a notification alerting that it's time to take your digital pills. You grab one from your smart medicine pack, alert your Doctor, and ingest it with a glass of water. Thereafter, the pill broadcasts a real-time video stream as it goes down your esophagus and into your stomach. Your Doctor is simultaneously monitoring the visuals, assessing the progression of your ulcer. Afterwards, you have a video call with your Doctor who reassures you of the ulcer's healing. She also notes that the digital pill contains your personalized medicine 3D-printed onto it and it will slowly get activated with your stomach's activity. Before leaving, she reminds you to stick to the prescribed treatment plan for the best outcome. It's a nice reminder that she'll be monitoring your adherence via the pill's tracking sensor.

Such a treatment procedure will soon be reality. With the data collected, better insights can be obtained about patients' conditions. This will enable manufacturers and doctors to streamline treatment plans for individual patients. However, such tracking and data collection will present an additional privacy nightmare that needs to be addressed in parallel to developing the technology.

Let's see where the technology Lies and what awaits it ahead.




NEELIMA
M BF2




NIVEDHA
R BF4





SNEHA PS
BC2





SARANYA KRISHNAN
BF2





Abirami.P.V
BC4

# SILHOUTTE

Seasons passes,warmth re-
mains
There stood a tree
which witnessed the
liveliness of youth
excitement of teenage
dilemma of new adulthood
One should travel between
bright white sky,
dark black roads
paralled by grey
at the edges
Once you enter,
you could end up
seeing undergraduates
dressed in combinations
of grey and white.
During winters
you could come across
dried shed leaves
burning and turning
into ashes,matching
the scholars around.
Floor pattern reminds you
the destroyed fear.
The journey to meet
one of the best
nature-'s creation.
Limited numbers,unlimited
creativity
No one else could escape
from feeling shades
Bless with refined thoughts
at the life-'s turning point
Surrounded by creations
of similar category
Where most of the
intervals are spent,
quarrels are compromised,
last minutes preparations are
held.
But being the most widest
which protects all others
Anything that exists
in the memory
is never lost completely.
Moments here too alike,
the shades of this huge tree.



Sneha S
BF4

# പ്രിയ ചിലങ്കേ...

ആടി തിമിർത്ത നൃത്ത
വേദികളിൽ നിന്നിൽ നിന്നും
പുറപ്പിടിവിച്ച മണിനാദം
എന്നിലെ നർത്തകിയുടെ
ഹൃദയം തുടിപ്പുകളുടെ
ധ്വനികളാണ്...

ആയിരം അരങ്ങിൽ
നിന്നോടൊപ്പം ആടാൻ കൊതിച്ച
കാലുകൾ ഇന്ന് തനിച്ചാണ്...

ഞാൻ എന്ന "നർത്തകിയും"





# Writing a Lie....

If I were Pinnochio,
My nose would have been a mile long;
Lying - distress - overhelming guilt - or is it?
But what other choice do I have ?
But why do I have to be so self - control ?
Questions do have answers - lies;
Resembling those dramatic actors would I say.
Am I living a lie?



Nikhil Krishna.P
BF2



Sirun
BC4







SHIFA A
C2





# The Memories of my College life

Nowshiya P M
BF4

All the fun i was missing all the happiness that was needed by my heart....
All the pain that was inside me all the loneliness that was tearing me apart..
All the sadness in fear come to an unbelievable end........
When in prasadi i found such a wonderful friend....
The love of all yours friendship has changed my life in such a way...
I may write 1000-'s of poem about it but one not still i won-'t be able to say........
The tree of our friendship has become so strong...
No I can break it down because we all will stand together if nothing goes wrong.......
These two years has passed in the blind of an eye....
It seems like yesterday I joined here but time has come to say goodbye........
All my friends in all their memories are deeply rooted in my heart........
The time that I have spend here has been like a beautiful creation of art........
All the gossips. All the jokes all these things will be just now memmory.......
All the memories will be with me like the bunch of leaves growing in a tree......
All move together with the flow of a wind all are linked so close to each other.........
Enjoying the rain,sunshine in facing strong wind but will always be together...............

# As lovely, as you are



Rahana PR
C4

There is no one as lovely you are
No one as caring as you
You console me in my sadness
You share times with me in my happiness
You encourage me at hard times
Your smile make me sad
All that you do for me is remarkable...
Years had passed???I grew last
Still,the love for me is the same in your heart...
Even though We are part...
But how for you one
The more loving you are
You understand me the most of all
And so precious mother you are to me...



# TWIN STARS

Dear one....
Can you hear my heart????
Ohhh,but I can tell-
We are twin stars
With different births
My caring shadow
It has your face..
The voice of my soul
Knows well your name..
Tell me,,,
Can you hear my heart???
Ohh---!
How I love you,,,
My best friend-
The best One....



VISMAYA U
BC2








PRANAV M
BF6



PRATEEKSHA T P
BF2





NANDHAKISHORE U
E2



# THOUGHT OF A STUPID

An introverted boy was thinking
about some secret of Universe.
How to occurred the Univerese?
How to happened everything?
What is the Heaven and
What is the Hell?
What is the life and
what is the soul?
What is the birth and
what is the death?
Where did the dharma originated from,
where did the religion originated from,
The answers are infinity,
The answers are illusion.
The power that created the whole Universe
the power that control the whole Universe.
There is no such thing as before,
let's combine it with the bigbang theory.
Everything are just toys
in this power leaded game,
even humans.
Everything are happen in a cycle
like the butterfly effect.
Large organisms are formed
from a single seed.
No one is born or dies.
Everything that exists
now is here from time to time.
Everything has a bigining
and an end.
But don't think it's all oven,
the end of many is
begining of many.
Everything we see don't have right
but everything is beyond sight.
The reasons are infinity
the reasons are infinity.
the boy who wants to world
the world is thinking,
after this questions
He said him self who are me.
Nothing last forever
everything are illusion.
Yet humans beings sea rasism!
That is who he doesn't
show anger to anyone in his mind.
Doesn't feel jealous
and every feelings.
But he pretends to scared
and humilated on outside.
Yet he fears contact with people,
yet he fears speek with people.
He pretends to stupid to other
he live without submittion to anyone.
The ansers are Illusion,
The reasons are illusion.
now is here from time to time.
Everythink has a bigining
and an end.
But don't think it's all oven,
The end of many is
begining of many.
Everything we see don't have right
but everything is beyond sight.
The reasons are illusions,
the reasons are infinity.
The boy who wants to change
the world is thinking,
after this questions
He said him self who are me.
Nothing last forever
everything are illusion.
Yet humans beings sea rasism!
That is who he doesn't
show anger to anyone in his mind.
Doesn't feel jealous
and every feelings.
But he pretends to scared
and humilated on outside.
Yet he fears Contact with people,
yet he fears speek with people.
He pretends to stupid to other
he live without submittion to anyone.
The answers are illusion,
the reasons are illusion.



Divek
C4


ARE N'T YOU PROUD?
FARMERS HUNGER!
DAUGHTER, IS YOUR HUNGER LINKED TO AADHAR?
GLOBAL HUNGER INDEX
SOME LIGHT HERE TOO, SIR, NEED TO CHECK THE PPE KIT STOCK!
MASK SHORTAGE
PPE KIT SHORTAGE
VENT
PPE
HELP!
HELP!
HELP!
WHEN A DECISION IS GOOD. ITS ECHO IS HEARD
NOTE
BAN
KASHMIR



V J THEJAS
E2



# നന്ദി

കയ്യൊപ്പുകൾ ഒരു കാലഘട്ടത്തിന്റെ അവിസ്മരണീയമായ ഓർമ്മക്കു റിപ്പുകൾ ആണല്ലോ...
ഒരുവന്റെ ജീവിത രേഖയിലെ നേർസാക്ഷ്യങ്ങളാണവ... രൂപവും ഭാവ വും വിസ്മൃതിയിലാണ്ട് പോവുമ്പോഴൊക്കെയും കയ്യൊപ്പ് മാത്രമാണ് ഇവിടെ അവശേഷിക്കുന്നത്... ഒരുവനെ, ഈ കോറിയിടുന്ന വരകൾ തന്നെയാണ് നിത്യനാക്കുന്നതും...

അനുഗ്രഹിച്ചവർ...
ആശംസിച്ചവർ...
സഹകരിച്ചവർ...
സഹായിച്ചവർ...
എഴുതിയവർ...
വരച്ചവർ...
വഴി നയിച്ചവർ...

ഈ സർഗസമാഹാരത്തിന് തെളിഞ്ഞ മഷിയാൽ കയ്യൊപ്പ് ചാർത്തിയ ഓരോരുത്തർക്കും നന്ദി...




ELECTRONICS
manpower development

# COLLEGE OF APPLIED SCIENCE ( IHRD )

**VADAKKENCHERRY, PALAKKAD-678683**